**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1651** **19-01-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു ശ്മശാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജോയി | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൊതു ശ്മശാനം നിർമ്മിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കല്ലറ, മാറനല്ലൂർ, ഒറ്റശേഖരമംഗലം, പാറശ്ശാല, പഴയകുന്നുമ്മേൽ, പെരിങ്ങമ്മല എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഈ സർക്കാരിന്റ കാലത്ത് പൊതുശ്മശാനം നിർമ്മിച്ചിട്ടുള്ളവയാണ്. വെള്ളനാട് ഗ്രാമ പഞ്ചായത്ത് - കേന്ദ്ര സർക്കാരിന്റെ ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു ശ്മശാനത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. വെമ്പായം ഗ്രാമ പഞ്ചായത്ത് - 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. തിരുവനന്തപുരം നഗരസഭയിൽ കഴക്കൂട്ടത്ത് പുതിയതായി ശ്മശാനത്തിന്റെ പണി പുരോഗമിക്കുന്നുണ്ട്. നിലവിലുള്ള ശാന്തി കവാടം ശ്മശാനത്തിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും നടന്നു വരുന്നുണ്ട്. നെടുമങ്ങാട് നഗരസഭ 2 പൊതുശ്മശാനങ്ങൾ നിർമ്മിച്ചു പ്രവർത്തിച്ചു വരുന്നു. ആറ്റിങ്ങൽ നഗരസഭ ഈ സർക്കാരിന്റെ കാലത്ത് (2019-20) നിലവിലെ പരമ്പരാഗത ശ്മശാനത്തോട് ചേർന്ന് വാതക ശ്മശാനം കൂടി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പൊതുശ്മശാനം നിർമ്മിക്കേണ്ട ആവശ്യകത സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (ബി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 (1) ന് അനുബന്ധമായിട്ടുള്ള 3ാം പട്ടികയിലെ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ് പൊതുശ്മശാനങ്ങളുടെ നിർമ്മാണവും പരിപാലനവും പൊതുശ്മശാനം ആവശ്യമായ ഗ്രാമപഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് ആവശ്യമുണ്ടെങ്കിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ ഫണ്ട് അനുവദിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ